## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 6595 — 09.07.2014 ലെ മറുപടിയ്ക്ക്

### പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ്

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. സുരേഷ് കുറുപ്പ്

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | : | 05/06/2014 ലെ സ.ഉ.(കൈ) നം. 209/2014/ധന പ്രകാരം പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് നൽകുവാൻ ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; ഒരു കാർഡിന് എത്ര തുക നൽകണം ; ഈ തുക ആരാണ് നൽകുന്നത് ; | : | പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തെ കൊണ്ട് ഐഡന്റിറ്റി കാർഡ് തയ്യാറാക്കുന്നതിന് ട്രഷറി ഡയറക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>കാർഡ് ഒന്നിന് 8 രൂപ നൽകണം<br>സർക്കാരാണ് ഈ തുക നൽകുന്നത്. |
| (സി) | പ്രതിമാസം എത്ര കാർഡുകൾ പ്രിന്റ് ചെയ്തു വിതരണം ചെയ്യുമെന്നാണ് വ്യവസ്ഥ ; | : | നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പ്രതിമാസം 1000 കാർഡു വീതം പ്രിന്റ് ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നിലവിൽ എത്ര സർവ്വീസ് പെൻഷൻ വാങ്ങുന്നവരുണ്ടെന്ന് വ്യക്തമാക്കുമോ; | : | ട്രഷറി വഴി 3,04,259 പേരും, ബാങ്ക് മുഖേന 68,965 പേരും സർവ്വീസ് പെൻഷൻ വാങ്ങുന്നവരുണ്ട്. |
| (ഇ) | പെൻഷനേഴ്സിന്റെ ഫോട്ടോ അടക്കം മുഴുവൻ വിവരങ്ങളും അതത് ട്രഷറികളിൽ ഉള്ളതിനാലും ട്രഷറികൾ കമ്പ്യൂട്ടർ വൽക്കരിക്കപ്പെട്ടിട്ടുള്ളതിനാലും ട്രഷറികളിൽ തന്നെ ടി കാർഡ് പ്രിന്റ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | : | ട്രഷറികൾ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഐഡന്റിറ്റി കാർഡ് പ്രിന്റ് ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറികളിൽ നിലവിലില്ല. |

അക്കൗണ്ട്സ് ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി - പെൻഷനേഴ്സിന് ഫോട്ടോ ഐഡന്റിറ്റികാർഡ് നൽകുന്നതിന് ഭരണാനുമതി പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**ധനകാര്യ ( എസ്റ്റാബ്ലിഷ്മെന്റ് – സി ) വകുപ്പ്**

**സ.ഉ (കൈ) നം: 209/2014/ധന** **തീയതി, തിരുവനന്തപുരം, 05.06.2014.**

പരാമർശം:-
1. 22.02.2013 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 7115/എ.ആർ.13 (2)/12/ഉ.ഭ.പ.വ നമ്പർ സർക്കുലർ.
2. 22.02.2013 ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 7115/എ.ആർ.13(2)/12/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

പെൻഷൻ പറ്റിയ സർക്കാർ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഓഫീസുകളിലേക്ക് എത്തുമ്പോൾ ഐഡന്റിറ്റി തെളിയിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം കണക്കിലെടുത്ത് ജീവനക്കാർ പെൻഷൻ പറ്റുന്ന സന്ദർഭത്തിൽ ഐഡന്റിറ്റി കാർഡ് നൽകുവാൻ സൂചന 1 ലെ സർക്കുലർ പ്രകാരം ഉത്തരവാകുകയുണ്ടായി. സൂചന 2 ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം നിലവിൽ പെൻഷൻ പറ്റിയ ജീവനക്കാർക്ക് അതാത് ട്രഷറി വഴി ഐഡന്റിറ്റി കാർഡ് നൽകാൻ തീരുമാനിച്ചതായും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

നിലവിൽ സർക്കാർ പെൻഷൻ വാങ്ങുന്ന മുഴുവൻ ജീവനക്കാർക്കും ട്രഷറി മുഖേന ഐഡന്റിറ്റി കാർഡ് നൽകുന്നതു സംബന്ധിച്ച് ട്രഷറി ഡയറക്ടറുമായും കാർഡ് തയ്യാറാക്കുന്നതു സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) ചീഫ് എഞ്ചിനിയറുമായും ചർച്ച നടത്തുകയും കാർഡ് ഒന്നിന് 8 രൂപ നിരക്കിൽ മാസം 1000 കാർഡു വീതം പ്രിന്റ് ചെയ്തു നൽകാമെന്ന് പി.ഡബ്ല്യൂ.ഡി ചീഫ് എൻജിനീയറും പെൻഷൻ പറ്റിയ മുഴുവൻ ജീവനക്കാരുടെയും വിശദവിവരങ്ങൾ പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) വിഭാഗത്തിന് നേരിട്ട് നൽകാമെന്നു ട്രഷറി ഡയറക്ടറും സമ്മതിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ഐഡന്റിറ്റി കാർഡ് ഇതുവരെ ലഭിച്ചിട്ടില്ലാത്ത സർവ്വീസ് പെൻഷൻകാർക്ക് ട്രഷറി മുഖേന ഐഡന്റിറ്റി കാർഡ് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പെൻഷൻകാർക്ക് ഇപ്രകാരം നൽകേണ്ടിവരുന്ന ഐഡന്റിറ്റി കാർഡ് കാർഡ് ഒന്നിന് 8 രൂപ നിരക്കിൽ തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂ.ഡി

(ഇലക്ട്രോണിക്സ്) വിഭാഗത്തെ ഏൽപിക്കുന്നതിനും നിലവിൽ പെൻഷനായ എല്ലാ സർക്കാർ ജീവനക്കാർക്കും ഇത് ലഭ്യമാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ പി.ഡബ്ല്യൂ.ഡി (ഇലക്ട്രോണിക്സ്) വിഭാഗത്തിന് നൽകുന്നതുൾപ്പെടെയുള്ള ചുമതല ട്രഷറി ഡയറക്ടറെ ഏൽപിച്ചു കൊണ്ടും ഉത്തരവാകുന്നു. ഇതിനാവശ്യമായ ചെലവ് 2054-00-95-99-34(OC) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**പി.ബി.ഓമന**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര എ.ആർ വകുപ്പ് (22.02.2013 ലെ 7115/എ.ആർ.13(2)/12/ഉ.ഭ.പ.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ധനകാര്യ പെൻഷൻ (ബി) വകുപ്പ് (19756/പെൻ.ബി1/13/ധന പ്രകാരം)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എൻജിനീയർ, പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ്സ്)
അസിസ്റ്റന്റ് എൻജിനീയർ, പബ്ലിക് വർക്സ് (ഇലക്ട്രോണിക്സ്) വിംഗ്, ഗവ: സെക്രട്ടറിയറ്റ്.
ഡയറക്ടർ, (ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്)
The Nodal Officer, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ